വരൾച്ചമൂലം കൃഷിനാശം

* 286. [344] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ :
ശ്രീമതി ഭാർഗവി തങ്കപ്പൻ :
ശ്രീ. പി. വിജയദാസ് :
,, എ. സി. ഷൺമുഖദാസ് :
,, ജോസ് കുറിയാനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984-85-ലെ വരൾച്ചമൂലം സംസ്ഥാനത്ത് കൃഷിനാശം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം കൃഷിക്ക് എത്ര നാശമുണ്ടായിട്ടുണ്ട് ;

(ബി) പ്രസ്തുത വർഷം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവൺമെൻറിൽനിന്ന് സഹായം ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്രയെന്നും ഏതെല്ലാം ഇനങ്ങളിലായിട്ടാണെന്നും വ്യക്തമാക്കാമോ ;

(ഡി) 1985-ൽ വരൾച്ചമൂലം എത്ര രൂപയുടെ കൃഷിനാശം വന്നുവെന്നാണ് കൃഷിവകുപ്പ് കണക്കാക്കിയിട്ടുള്ളത് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) പ്രധാനമായും ഭാഗികമായ നാശങ്ങളാണുണ്ടായത്. ചുരുക്കം ചില സ്ഥലങ്ങളിൽ പൂർണ്ണമായ നാശനഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്.

നെല്ല്	..	15637 ഹെക്ടർ
തെങ്ങ്	..	23228 ,,
പയർ	..	2468 ,,
എള്ള്	..	2276 ,,
മരച്ചീനി	..	141 ,,
വാഴ	..	267 ,,
പച്ചക്കറികൾ	..	45 ,,
നിലക്കടല	..	30 ,,
കമുക്	..	2662 ,,
കുരുമുളക്	..	115 ,,
ആകെ	..	46869 ,,

ഇതിൽ 740 ഹെക്ടർ സ്ഥലത്തുള്ള നെൽക്കൃഷി പൂർണ്ണമായി നശിച്ചു പോയി.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഏകദേശം 10 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ഇ) തെങ്ങ്, കമുക് എന്നീ ഫലവൃക്ഷങ്ങൾ പൂർണ്ണമായി ഉണങ്ങി നശിച്ചിട്ടില്ല.

(എഫ്) 2.22 ലക്ഷം രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്.

(ജി) ആലപ്പുഴ ജില്ലയിലെ കരിനില കർഷകർക്ക് ഈ തുക വിതരണം ചെയ്യുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : നമ്മുടെ സംസ്ഥാനത്ത് വരൾച്ചമൂലം കൃഷിനാശം സംഭവിച്ച ആളുകൾക്ക് കേന്ദ്രം സഹായമിനത്തിൽ ഒന്നും നൽകിയിട്ടില്ല. എന്നാൽ ഒരു ചെറിയ തുക നൽകി എന്നു പറഞ്ഞു. അത് ഏത് ഫണ്ടിൽനിന്ന് എങ്ങനെയാണ് നൽകിയതെന്നു വ്യക്തമാക്കാമോ?

ശ്രീ. എ. എൽ. ജേക്കബ് : റിവോൾവിംഗ് ഫണ്ടിൽനിന്നാണ് നൽകിയത്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : നമ്മുടെ സംസ്ഥാനത്തുണ്ടായ ഈ ദുരിതത്തിന് കേന്ദ്രത്തിൽനിന്ന് എന്തെങ്കിലും സഹായം ലഭിക്കണമെന്ന് ഈ ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. എൽ. ജേക്കബ് : ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീമതി ഗൗരിഭവി തങ്കപ്പൻ : ഈ വരൾച്ചമൂലം നാശം സംഭവിച്ചിട്ടുള്ള കൃഷി പുനരുദ്ധരിക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്നും എന്തു ധനസഹായമാണ് നമുക്ക് ലഭിച്ചതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ. എൽ. ജേക്കബ് : അതിവിടെ പറഞ്ഞല്ലോ. ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീമതി ഗൗരിഭവി തങ്കപ്പൻ : എന്തു ധനസഹായം കിട്ടിയെന്നാണ് ചോദിച്ചത് ?

ശ്രീ. എ. എൽ. ജേക്കബ് : കിട്ടിയിട്ടില്ല.

ശ്രീമതി ഗൗരിഭവി തങ്കപ്പൻ : 15637 ഹെക്ടർ നെല്ല് ഈ വരൾച്ചമൂലം നശിച്ചുപോയി. നമ്മുടെ സംസ്ഥാനം ഒരു കമ്മി സംസ്ഥാനമാണ്. ഈ നെല്ലുൽപ്പാദകരെ സഹായിക്കുന്നതിന് റബ്ബർ ബോർഡുപോലെ ഒരു പാഡി ബോർഡ് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : ആലോചിക്കാം.

ശ്രീ. പി. വിജയദാസ് : ചോദിക്കുന്ന ചോദ്യത്തിന് ഉത്തരം കിട്ടണമെന്ന നിർബന്ധമുണ്ട്. കേന്ദ്രത്തിൽനിന്ന് ഈ വരൾച്ചക്കാലത്തേയ്ക്ക് എത്ര രൂപ ലഭിച്ചിട്ടുണ്ടെന്ന് പറയാൻ കഴിയുമോ ?

ശ്രീ. എ. എൽ. ജേക്കബ് : ഒന്നും കിട്ടിയിട്ടില്ല.

ശ്രീ. പി. വിജയദാസ് : കേരളത്തിൽ ഏതെങ്കിലും പ്രദേശത്തെ വരൾച്ച ബാധിതപ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ടോ ?

ശ്രീ. എ. എൽ. ജേക്കബ് : പ്രത്യേകിച്ച് ഒരു പ്രദേശവും വരൾച്ച ബാധിതപ്രദേശമായി പ്രഖ്യാപിച്ചിട്ടില്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : 1984-85-ലെ വരൾച്ചയിൽ മലബാർ പ്രദേശത്തെ കോഴിക്കോട് ജില്ലയിലുള്ള കടലോരപ്രദേശത്തുള്ളിലെ തെങ്ങ് പൂർണ്ണമായി നഷ്ടപ്പെട്ടുപോയി. വാഴകൃഷിയേയോ കപ്പകൃഷിയേയോപോലെയല്ല. ഒരു തെങ്ങ് ഉണങ്ങുക എന്നുപറഞ്ഞാൽ ജീവിതഘട്ടം ഉണങ്ങുക എന്നാണ്. നൂറുകണക്കിനു തെങ്ങുകൾ ആ റോഡിന്റെ ഇരുഭാഗത്തും ഉണങ്ങി നിൽക്കുന്നത് കാണാം. ഇതു സംബന്ധിച്ച് വല്ലവിവരവും ഗവൺമെൻറിന്റെ കൈവശമുണ്ടോ ? ഉണ്ടെങ്കിൽ എത്ര തെങ്ങുകൾ ഈ വരൾച്ചമൂലം ഉണങ്ങിപ്പോയി എന്നുപറയാൻ കഴിയുമോ ?

ശ്രീ. എ. എൽ. ജേക്കബ് : കേരളമൊട്ടാകെ ഏകദേശം 15 ശതമാനം തെങ്ങ് ഉണങ്ങിപ്പോയിട്ടുണ്ടെന്നാണറിവ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : കേരളമൊട്ടാകെ 15 ശതമാനം ഉണങ്ങിപ്പോയെന്നാണ് പറയുന്നത്. അങ്ങനെ ഉണങ്ങിപ്പോയാൽ ഒരു തെങ്ങിന് ഇപ്പോഴും ഗവൺമെന്റ് കൊടുക്കുന്ന നഷ്ടം 100 രൂപയോ മറ്റോ ആണ്. ആ നഷ്ടം മതിയെന്ന് ഗവൺമെന്റ് കണക്കാക്കുന്നുണ്ടോ ? ഒരു തെങ്ങ് നഷ്ടപ്പെട്ടുപോയാൽ കുടുംബത്തിലെ ഒരംഗം നഷ്ടപ്പെട്ടു എന്ന ധാരണയാണ് കൃഷിക്കാർക്കുള്ളത്. അത് പരിഗണിച്ചുകൊണ്ട് തെങ്ങ് നഷ്ടപ്പെട്ടവർക്ക് കാര്യമായ സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

ഡോക്ടർ എ. സുബ്ബറാവു : കാസർകോട് ജില്ലയിൽ 1983-84-ലെ രൂക്ഷമായ വരൾച്ചമൂലമുണ്ടായ കൃഷിനാശത്തിന്, പ്രത്യേകിച്ച് അടയ്ക്കാ കൃഷിക്ക് എന്തെങ്കിലും ധനസഹായം കൊടുത്തിട്ടുണ്ടോ ? ഇല്ലെങ്കിൽ കാരണമെന്താണ് ? അവർക്കുംകൂടി ധനസഹായം കൊടുക്കുവാൻ സത്വര നടപടികളെടുക്കുമോ ?

ശ്രീ. എ. എൽ. ജേക്കബ് : ഇതുവരെ ഒന്നും കൊടുത്തിട്ടില്ല. അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : കേരളത്തിൽ ചില പഞ്ചായത്തുകളെ വരൾച്ച ബാധിതപ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ടെന്നും റവന്യൂ മിനിസ്റ്റർ തന്നെ പറഞ്ഞതാണ്. ആ പ്രദേശത്തിൽ ഈ വരൾച്ച ശാശ്വതമായി നേരിടാൻ കൃഷി വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്, അവ എതെല്ലാം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു എന്നു പറയാമോ ?

ശ്രീ. എ. എൽ. ജേക്കബ് : അതിനെപ്പറ്റി ഒരു സർവ്വേതന്നെ നടത്തിക്കൊണ്ടിരിക്കുകയാണ്.

ഡോക്ടർ കെ. സി. ജോസഫ് : 1984-85-ൽ വരൾച്ചമൂലം കൃഷിനാശത്തിന് കേന്ദ്രസഹായം ലഭിച്ചില്ലെങ്കിലും വരൾച്ചമൂലം കുടിവെള്ളക്ഷാമമുണ്ടായ സ്ഥലങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനും മറ്റുചില നടപടികളും സ്വീകരിക്കുന്നതിനുമൊക്കെയായി മാർജിൻമണി ഇനത്തിൽ 5 കോടി രൂപ ഗവൺമെന്റിനു കിട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. എൽ. ജേക്കബ് : മാർജിൻമണി അഞ്ചുകോടിരൂപ കിട്ടി.

ശ്രീ. കെ. പി. പ്രഭാകരൻ : 1984-85-ൽ പത്തു കോടി രൂപയുടെ കൃഷിനാശമുണ്ടായിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. അതിൽ ധനസഹായം കൊടുത്തതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ചോദിച്ചപ്പോഴും ജില്ല തിരിച്ചുള്ള കണക്കുകൾ പറഞ്ഞില്ല. ആലപ്പുഴ ജില്ലയിൽ 2.2 ലക്ഷം രൂപ കൊടുത്തു. അത് റിവോൾവിംഗ് ഫണ്ടിൽ നിന്നാണെന്നു പറഞ്ഞു. ആലപ്പുഴജില്ലയിൽ മാത്രമാണോ കൃഷിനാശമുണ്ടായത് ? ഏതൊക്കെ ജില്ലയിൽ കൃഷിനാശമുണ്ടായി ? റിവോൾവിംഗ് ഫണ്ടിൽനിന്നായാലും മറ്റു ജില്ലകളിൽ കൊടുക്കാതിരിക്കാൻ എന്താണ് ന്യായം ? തൃശ്ശൂർ ജില്ലയിൽ കോൾ കൃഷിയൊക്കെ വളരെയധികം ഉണങ്ങിപ്പോയിട്ടുണ്ട്.

ശ്രീ. എ. എൽ. ജേക്കബ് : 50 ശതമാനത്തിൽ കൂടുതൽ കൃഷിനാശമുണ്ടായാൽമാത്രമേ കൊടുക്കുകയുള്ളൂ.

ശ്രീ. കെ. പി. പ്രഭാകരൻ : ഏതൊക്കെ ജില്ലയിലാണ് നാശമുണ്ടായത് ; ആലപ്പുഴ ജില്ലയിൽമാത്രമാണോ ?

ശ്രീ. എ. എൽ. ജേക്കബ് : ആലപ്പുഴ ജില്ലയിൽമാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : ആലപ്പുഴ ജില്ലയിൽ 2.2 ലക്ഷം രൂപ കൊടുത്തുവെന്നു പറഞ്ഞു. അത് കുട്ടനാട് താലൂക്കിൽ മാത്രമാണെന്നും ചേർത്തല താലൂക്കിൽ ഉപ്പുകയറി മുഴുവൻ കൃഷിയും പോയിട്ടും അതിനു ഇതുവരെയാരെങ്കിലും നഷ്ടപരിഹാരവും കൊടുത്തിട്ടില്ലെന്നുമുള്ള വസ്തുത അറിയാമോ? കുട്ടനാട്ടിൽ മാത്രമാണ് കൊടുത്തത്.

ശ്രീ. എ.എൽ. ജേക്കബ് : ആലപ്പുഴ ജില്ലയിൽ മാത്രമാണ് കൊടുത്തത്. ഏകദേശം 740 ഹെക്ടർ സ്ഥലത്താണ് അവിടെ കൃഷിനാശമുണ്ടായത്. 876 പേർക്ക് കൊടുത്തു. ആകെ 2.22 ലക്ഷം രൂപയാണ് കൊടുത്തത്.

ശ്രീ. പി.കെ.കെ. ബാവ : വരൾച്ചമൂലം ഉണ്ടായിട്ടുള്ള കൃഷി നാശത്തിന്റെ കണക്ക് പ്രത്യേകമായി ജില്ലകൾ തിരിച്ച് ശേഖരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ തൃശ്ശൂർ ജില്ലയിൽ എത്രയാണ് ഇതുമൂലമുണ്ടായിട്ടുള്ള കൃഷി നാശമെന്ന് വ്യക്തമാക്കാൻ തയ്യാറാകുമോ ?

ശ്രീ. എ.എൽ. ജേക്കബ് : ജില്ലതിരിച്ചുള്ള കണക്ക് കിട്ടിയിട്ടില്ല.

അരിയുടെ മാർക്കറ്റ് വില

*287 [345] ശ്രീ. ഇ. പത്മനാഭൻ :

ശ്രീമതി കെ. ആർ. ഗൗരി :

ശ്രീ. ഒ. ഭരതൻ :

ശ്രീമതി പി. ദേവൂട്ടി :

ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ ഒരുകിലോ അരിയുടെ മാർക്കറ്റ് വില എന്താണ് ;

(ബി) അരിയുടെ വില വർദ്ധനവിലുള്ള കാരണമെന്താണ ?

ക്ഷേമവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) ഓപ്പൺ മാർക്കറ്റിൽ നാടൻ അരിയിനങ്ങൾക്ക് കിലോഗ്രാമിന് 3 രൂപ 70 പൈസ മുതൽ 5 രൂപ 30 പൈസവരേയും വെള്ളയരിയിനങ്ങൾക്ക് 3 രൂപ 20 പൈസ മുതൽ 3 രൂപ 90 പൈസ വരേയും ചില്ലറ വിലപനവിലയുണ്ട്. സിവിൽസപ്ലൈസ് കോർപ്പറേഷൻ 2 രൂപ 55 പൈസ നിരക്കിൽ പൊതുവിപണിയിൽ അരി വിൽക്കുന്നുണ്ട്.

(ബി) മിച്ച സംസ്ഥാനങ്ങളിൽ അരി വിലയിലുണ്ടാകുന്ന വർദ്ധന, അരിയുടെ ലഭ്യത, വാഗൺ ലഭ്യത, ചരക്കുകൂലിയുടെ വർദ്ധന, മറ്റ് വാഹന സൗകര്യങ്ങൾ, കയറ്റിറക്ക് ചെലവ് എന്നിവയാണ് വിലയിൽ ഉണ്ടാകുന്ന വർദ്ധനവിന് കാരണം.

ശ്രീ. ഇ. പത്മനാഭൻ : കേരളത്തിലെ മിച്ച സംസ്ഥാനങ്ങളിലെ വില വർദ്ധനവുകൂടെ ഈ വില വർദ്ധനവിനു കാരണമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. സിവിൽസപ്ലൈസ് കോർപ്പറേഷൻ ആന്ധ്രായിൽ നിന്ന് ഈ പഞ്ഞമാസത്തിലേക്കും ഓണക്കാലത്തേക്കും അരി വാങ്ങിയത് അവിടത്തെ മാർക്കറ്റ് നിലവാരത്തിൽനിന്നും വളരെ ഉയർന്ന തോതിലാണ് (ഒരു കിലോഗ്രാമിന് മുപ്പതും മുപ്പത്തിയഞ്ചും പൈസാകണ്ട് വർദ്ധിച്ച തോതിലാണ്) എന്നുള്ള ആക്ഷേപമുണ്ട്. അതുപോലെതന്നെ ആന്ധ്രായിലെ അരി മാർക്കറ്റിൽതന്നെ കേരള ഗവൺമെന്റ് ചില പ്രത്യേക കച്ചവടക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly